(ഡി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് മണ്ണുതരം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമില്ലാതിരുന്നതിനാൽ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ക്ഷാമബത്ത കൂടിശ്ശികയായത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംഘം പ്രവർത്തനക്ഷമമില്ലാതിരുന്ന കാലത്തുള്ള ക്ഷാമബത്തയാണ് കൂടിശ്ശികയായിട്ടുള്ളത്. ഈ കൂടിശ്ശിക നൽകാനാവുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘം പുതുതായി തുടങ്ങിയ എം.പി. പോൾ സ്മാരക മാഫ് സെറ്റ് പ്രസ്സിലെ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് ശമ്പള സ്കെയിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

(ഇ) ഈ പരാതി പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുവാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

145 (1054) നീതി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു;

(ബി) ഇതിൽ എത്ര ജീവനക്കാരെ ഇതിനകം നിയമിച്ചു;

(സി) സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി നീതി സ്റ്റോറിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ ഇവ പി.എസ്.സി. മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 65 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 166 പേരെ താൽക്കാലികമായി കൺസോളിഡേറ്റഡ് പേ/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) നീതി മെഡിക്കൽ സ്റ്റോറുകളിലേക്കുള്ള നിയമനങ്ങൾ അതാത് സഹകരണസംഘം ഭരണ സമിതികൾ താൽക്കാലികമായി കൺസോളിഡേറ്റഡ് പേ/കരാർ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. ടി

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിലേക്ക് സ്ഥിരം നിയമനം നടത്തുമ്പോൾ സഹകരണ നിയമം വകുപ്പ് 80(4)-ൽ പറയുന്നപ്രകാരം സംവരണതത്വം സംഘങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതാണ്.

146 (1055) സഹകരണമേഖലയിലെ നിക്ഷേപം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര വ്യത്യാസപ്പെട്ടിരിക്കുന്നുയെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണമേഖലയിൽ നിക്ഷേപിക്കപ്പെടുന്ന പണം ഏതൊക്കെ മേഖലയിലാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ പ്രത്യുല്പാദനപരമായ ആവശ്യങ്ങൾക്ക് എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണമേഖലയിലെ മൊത്തം നിക്ഷേപം 8064 കോടി രൂപയാണ്.

(ബി) മുൻവർഷത്തെ അപേക്ഷിച്ച് 1808 കോടി രൂപ അധികനിക്ഷേപം ഉണ്ടായിട്ടുണ്ട്.

(സി) സംഘാംഗങ്ങൾക്ക് കൃഷി, വ്യവസായം, തൊഴിൽ, ഭവന നിർമ്മാണം, വിദ്യാഭ്യാസം, വാഹനം വാങ്ങൽ, സ്വർണ്ണപ്പണയം, കൺസ്യൂമർ ആവശ്യങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നതിനായി ഉപയോഗിക്കുന്നു.

(ഡി) 3151 കോടി രൂപ പ്രത്യുല്പാദനപരമായ ആവശ്യങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്.

II. ശ്രദ്ധക്ഷണിക്കൽ

(1) പുതുക്കിയ കെട്ടിടനിർമ്മാണച്ചട്ടം പ്രാബല്യത്തിൽ വന്നതിനു ശേഷം കെട്ടിട നിർമ്മാണ രംഗത്തുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ബി. വിജയകുമാർ : സർ, പുതിയ കെട്ടിട നിർമ്മാണച്ചട്ടം പ്രാബല്യത്തിൽ വന്നതോടുകൂടി സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കഴിയുന്ന നിർമ്മാണ തൊഴിലാളികളേയും നിർമ്മാതാക്കളേയും അനുബന്ധ വ്യവസായികളേയും ഈ നിയമം തളർത്തുന്നതോടൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയേയും വളർച്ചയേയും സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ഏറെ ഇളവുകൾ നൽകുന്നുവെന്ന് വിവക്ഷിക്കപ്പെട്ട ഈ പുതിയ കെട്ടിട നിർമ്മാണച്ചട്ടം യഥാർത്ഥത്തിൽ നിർമ്മാണ മേഖലയ്ക്ക് വിലങ്ങ് ഇടുന്നതാണ്. 1988-ലെ കെട്ടിട നിർമ്മാണച്ചട്ടത്തിൽ ഭേദഗതികൾ വരുത്താനുണ്ടായ പ്രധാന കാരണം, അതിലെ ചില ന്യൂനതകളും എക്സംപ്ഷൻ ക്ലോസും ഇല്ലാതാക്കി നിയമത്തിൽ തക്കതായ ഭേദഗ

LIBRARY ARCHIVES Kerala Legislative Assembly